**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇന്ധനച്ചെലവും മലിനീകരണതോതും കുറവായതിനാൽ ഇലക്ട്രിക് ബസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ KSRTC-SWIFT ൽ കിഫ്ബി ലോൺ മുഖാന്തിരമുള്ള 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക്ക് ബസ്സുകൾ 50 എണ്ണവും, സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായ 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക്ക് ബസ്സുകൾ 113 എണ്ണവും ഓപ്പൺ ഡബിൾ ഡെക്കർ ഇലക്ട്രിക്ക് ബസ്സുകളും 2 എണ്ണവും ഉൾപ്പെടെ 165 ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തി വരുന്നുണ്ട്.<br><br>ആദ്യ ഘട്ടം വാങ്ങിയ ഒരു PMI 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക്ക് ബസിന് 92.43 ലക്ഷം രൂപയാണ് വിലയായിട്ടുള്ളത്. എന്നാൽ പുതുതായി വാങ്ങിയ 9 മീറ്റർ നോൺ എ.സി. Eicher BSVI ഡീസൽ ബസിന് 27.72 ലക്ഷം രൂപ മാത്രമാണ് വിലയായിട്ടുള്ളത്. ഇലക്ട്രിക്ക് ബസുകൾക്ക് ഡീസൽ ബസുകളെക്കാൾ മൂന്ന് ഇരട്ടി വിലയുണ്ട്. ഇതുകൂടാതെ, ഇലക്ട്രിക്കൽ ചാർജിങ് സബ്സ്റ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, ആദ്യ രണ്ടു വർഷ വാറന്റി കാലാവധിയ്ക്കു ശേഷം ഓരോ കിലോമീറ്ററിനും വാഹന നിർമ്മാതാവിന് നൽകേണ്ട AMC ചാർജ് എന്നിവയ്ക്ക് വേണ്ടി അധിക തുക കണ്ടെത്തുന്നത് കൂടി കണക്കിലെടുക്കുമ്പോൾ ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർദ്ധിപ്പിക്കുക എന്നത് നിലവിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | ഡീസൽ ബസുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസുകൾ സർവ്വീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഇലക്ട്രിക് ബസുകൾ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ശരാശരി വൈദ്യുതി ഉപയോഗം 0.76 കിലോവാട്ട് ആണ്. ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി നിരക്ക് 9.07 രൂപ കണക്കാക്കിയാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിന് വേണ്ടി വരുന്ന വൈദ്യുതി ചാർജ്ജ് ഇനത്തിലെ ചിലവ് 6.89 രൂപയാണ്.<br><br>പുതിയ ഒരു 9 മീറ്റർ ഡീസൽ Eicher ബസിന്റെ ശരാശരി ഇന്ധനക്ഷമത 5.42 കിലോമീറ്റർ ആണ്. |

| | | | |
|---|---|---|---|
| | | | ഒരു ലിറ്റർ ഡീസൽ-ന് 93.90 രൂപ കണക്കാക്കിയാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിന് വേണ്ടി വരുന്ന ഇന്ധന ചിലവ് 17.32 രൂപയാണ്. ആയതിനാൽ ഇലക്ട്രിക്ക് ബസ്സുകൾക്ക് ഡീസൽ ബസുകളേക്കാൾ ഇന്ധന ചിലവ് കുറവാണ്.<br><br>എന്നാൽ, ഇലക്ട്രിക്ക് ബസുകൾക്ക് ഡീസൽ ബസുകളെക്കാൾ മൂന്നിരട്ടിയിലധികം മൂലധനച്ചെലവുണ്ട്. ഇലക്ട്രിക്കൽ ചാർജിങ് സബ്സ്റ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, രണ്ടു വർഷ വാറന്റി കാലാവധിയ്ക്കു ശേഷം ബാറ്ററി മാനേജ്മെന്റ് സിസ്റ്റം, ട്രാക്ഷൻ, മറ്റ് മോട്ടോറുകൾ, ഡ്രൈവ് കൺട്രോളർ, ഇലക്ട്രോണിക്സ് & ഹൈ വോൾട്ടേജ് ഇലക്ട്രിക്കൽ സിസ്റ്റങ്ങൾ, തുടങ്ങിയവയ്ക്ക് ഓരോ കിലോമീറ്ററിനും വാഹന നിർമ്മാതാവിന് നൽകേണ്ട AMC ചാർജ് ആയ 4.61 രൂപ, ഹൈ വോൾട്ടേജ് ബാറ്ററി മാറ്റുന്നതിന് ആവശ്യമായ ചെലവ് എന്നിവ ഡീസൽ ബസുകളേക്കാൾ അധികമായി കണ്ടെത്തേണ്ടതുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസുകളുടെ എണ്ണം എത്രയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 165 ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ 2 Open Roof Double Decker Electric Bus-ന് 28.10.2025 തീയതിയിൽ വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ 167 ഇലക്ട്രിക് ബസുകളും, 641 എണ്ണം ഡീസൽ ബസ്സുകളും വാങ്ങിയിട്ടുണ്ട്.<br><br>ഇലക്ട്രിക് ബസ്സുകൾക്ക് 1,59,62,31,472/- രൂപയും ഡീസൽ ബസ്സുകൾക്ക് 2,37,19,01,707/- രൂപയും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ